ഏഴരപ്പതിറ്റാണ്ടിന്റെ സാഫല്യം

അശ്ലീല ലഹരിയിൽ വീണുപോയ കോടമ്പാക്കം വരക്കാർ ഹാസ്യ പ്രസിദ്ധീകരണങ്ങൾ നടത്തിയിരുന്ന കാലത്തും സഭ്യതയുടെ ബാലൻസ് നിലനിർത്തി വേറിട്ട വരകൾ ചന്ദ്രിക കാഴ്ചവെച്ചു. എം. മുകുന്ദനടക്കം പലർക്കും അക്കാദമി അവാർഡുകൾ നേടിക്കൊടുത്തത് ചന്ദ്രികയാണ്. ഭാഷയെ ഉപേക്ഷിച്ചവരെന്നും വരയെ വെറുത്തവരെന്നും അക്ഷരവൈരികളെന്നും ആക്ഷേപിക്കപ്പെട്ട സമുദായത്തിന്റെ ജിഹ്വയാണ് കലാരംഗത്ത് പുതിയ പാത വെട്ടിത്തെളിയിച്ചത്.

കെ.പി കുഞ്ഞിമൂസ

ഒന്നര നൂറ്റാണ്ടിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കാവുന്ന മലയാളത്തിലെ ആനുകാലിക പ്രസിദ്ധീകരണ ചരിത്രത്തിൽ മുസ്‌ലിം സമൂഹത്തിന്റെ പങ്കാളിത്തം ചന്ദ്രികക്ക് ന്യായമായും അവകാശപ്പെടാവുന്നതാണ്.

ഭാഷയിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളിൽ ഭൂരിഭാഗവും ക്രിസ്തുമത പ്രചരണാർത്ഥം വിദേശീയരും നാട്ടുകാരുമായ മിഷണറിമാർ ആരംഭിച്ച വാർത്താ മാധ്യമങ്ങളായിരുന്നു. ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റെ രാജ്യസമാചാരം (1847), റവ.എഫ്. മുള്ളറുടെ പശ്ചിമോദയം(1847), ഗീവർഗീസ് കത്തനാരുടെ ജ്ഞാനനിക്ഷേപം(1848), റിച്ചാർഡ് കോളിൻസിന്റെ വിദ്യാസംഗ്രഹം(1864), ലോറൻസിന്റെ കേരളോപകാരി (1874) എന്നിവ ഈ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു.

എന്നാൽ ഇസ്‌ലാംമത പ്രചരണാർത്ഥം 1876-ൽ കൊച്ചിയിൽ നിന്ന് ക്രാന്തദർശിയായ ഒരു പത്രാധിപ പ്രതിഭ കേരളദീപികം മാസിക പ്രസിദ്ധീകരിച്ചത് സംബന്ധിച്ച വിശദമായ വിവരങ്ങളൊന്നും ഇന്നും വ്യക്തമായി ലഭ്യമല്ല. എറണാകുളത്ത് നിന്നും പ്രസിദ്ധീകരിച്ചിരുന്ന സത്യനാദകാഹളം എന്ന ക്രൈസ്തവ വൃത്താന്ത പത്രിക മാത്രമാണ് ഖാദർ ഹാജി ബാപ്പു എന്ന മുസ്‌ലിം പത്രാധിപരേയും കേരളദീപികം എന്ന ആനുകാലികത്തെയും പരാമർശിച്ചത്.

വിദ്യാഭ്യാസത്തിലും മാതൃഭാഷാഭ്യസനത്തിലും വളരെ പിന്നോക്കം നിന്നിരുന്ന കേരളത്തിലെ മുസ്‌ലിംകൾക്ക് സാമുദായികമായ ഉണർവ്വിനും ഉന്നമനത്തിനും അതിപ്രധാനമായ നായകത്വം വഹിച്ചിരുന്ന വക്കം അബ്ദുൽ ഖാദർ മൗലവിയാണ് സ്വദേശാഭിമാനി എന്ന വൃത്താന്ത പത്രത്തിലൂടെയും മുസ്‌ലിം എന്ന മാസികയിലൂടെയും കേരളത്തിലെ മുസ്‌ലിം പത്രപ്രവർത്തനത്തിന് നൂറ്റാണ്ട് മുമ്പ് ബീജാവാപം ചെയ്തത്. പ്രസിദ്ധ മതപ്രബോധകനായിരുന്ന സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ ജനോപകാരി എന്ന പേരിൽ വൃത്താന്ത പത്രം നടത്തുന്നതും ഈ കാലഘട്ടത്തിലാണ്. പ്രതിഭാശാലിയും പരിഷ്കൃതാശയക്കാരനുമായിരുന്ന സി.സെയ്താലിക്കുട്ടി മാസ്റ്റർ പൊന്നാനിയിൽ നിന്ന് സലാഹുൽ ഇഖ്‌വാനും തിരൂരിൽ നിന്ന് റഫീഖുൽ ഇസ്‌ലാമും, വൃത്താന്ത പത്രങ്ങളായി നടത്തിയതും കൊച്ചിയിൽ നിന്ന് പി. മുഹമ്മദ് ഹാജി മലബാർ ഇസ്‌ലാം വാരിക ആരംഭിച്ചതും ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ പ്രഥമലക്കത്തിൽ (1950 ജൂലായ് 15 പുസ്തകം 1 ലക്കം 1) ചരിത്രസംഭവങ്ങളായി പരാമർശിച്ചിട്ടുണ്ട്.

വക്കം അബ്ദുൽഖാദർ മൗലവിയുടെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും പ്രസിദ്ധീകരിച്ച മുസ്‌ലിം മാസികയെക്കുറിച്ച് സീതിസാഹിബ് ചന്ദ്രികയിൽ ഏറെ പ്രകീർത്തിച്ചിരുന്നു." ഇസ്‌ലാം മതത്തെയും സംസ്കാരത്തെയും സംബന്ധിച്ച വിജ്ഞാനപ്രദവും സരളഭാഷയിൽ എഴുതപ്പെട്ടതുമായ പല ലേഖനങ്ങളും മുസ്‌ലിം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.മുസ്‌ലിം പിന്നീട് ആലപ്പുഴയിൽ മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ഏറ്റെടുത്തു. ആലപ്പുഴയിൽ നിന്ന് വൃത്താന്ത പത്രമായി പ്രസിദ്ധീകരിക്കാൻ തുടങ്ങി. 'സ്വദേശാഭിമാനി'യും 'മുസ്‌ലി'മുമായുള്ള സമ്പർക്കത്തിലൂടെ ഒട്ടനവധി എഴുത്തുകാരും പത്രപ്രവർത്തകരും ഉയർന്നുവന്നു."(കേരളത്തിലെ മുസ്‌ലിം പത്രപ്രവർത്തനം-സീതി സാഹിബ്)

ചന്ദ്രികയുടെ ശിൽപിയായ സീതിസാഹിബ് മുസ്‌ലിം മാസികയുടെ ലേഖകനായിരുന്നിട്ടുണ്ട്. കോഴിക്കോട് മദ്രസത്തുൽ മുഹമ്മദിയ്യയുടെ ഉദ്ഘാടന റിപ്പോർട്ട് മുസ്‌ലിം മാസികക്ക് വേണ്ടി സീതിസാഹിബായിരുന്നു എഴുതിത്തയ്യാറാക്കിയത്. 1934-ൽ ചന്ദ്രിക പ്രതിവാര പത്രമായി തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചു തുടങ്ങുമ്പോൾ ആലോചനാ യോഗങ്ങൾ 'മുസ്‌ലിംക്ലബ്ബി'ലും പള്ളികളിലുമാണ് നടന്നതെങ്കിലും ചന്ദ്രികയുടെ നടത്തിപ്പുകാരായി രജിസ്റ്റർ ചെയ്യപ്പെട്ടത് മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി എന്ന പേരിലാണ്.

മുസ്‌ലിം പ്രിൻടിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ പ്രഥമ മാനേജിംഗ് ഡയറക്ടറും മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ ട്രഷററുമായിരുന്ന സി.പി മമ്മുക്കേയി വിദ്യാഭ്യാസ പ്രേമിയും വിശാലമനസ്കനുമായിരുന്നു. ആദ്യത്തെ പ്രിൻർ ആന്റ് പബ്ലിഷർ തയ്യിലക്കണ്ടി സി.മുഹമ്മദ് മുതൽ പ്രഥമ പത്രാധിപരായ കെ.കെ മുഹമ്മദ് ഷാഫി വരെ സീതിസാഹിബിന്റെ ഉപദേശനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചു. സീതീസാഹിബിന്റെ പിതാവ് അഴീക്കോട്ട് സ്ഥാപിച്ച പ്രൈമറി സ്കൂളിൽ നിന്ന് ഒന്നും മൂന്നും നമ്പറുകാരായി പുറത്തുവന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും സീതീസാഹിബും മലബാറിൽ അക്ഷരവിപ്ലവത്തിന് തുടക്കം കുറിക്കുകയായിരുന്നു.

അബ്ദുറഹ്മാൻ സാഹിബിന്റെ 'അൽ അമീൻ' ബാലാരിഷ്ടതകളെ അതിജീവിക്കാനാവാതെ വിഷമിച്ചപ്പോൾ പ്രതിസന്ധികളെയും പ്രയാസങ്ങളെയും തരണം ചെയ്ത് ചന്ദ്രിക മുന്നേറി. അൽ അമീൻ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ ഉടമസ്ഥതയിലും അബ്ദുറഹ്മാൻ സാഹിബിന്റെ ആധിപത്യത്തിലും വാരികയായും ദിനപത്രമായും നടന്ന അൽ അമീൻ സമുദായത്തിന്റെ ഉന്നമനത്തിന് ചെയ്ത അമൂല്യസേവനങ്ങളെ അവഗണിക്കാനാവില്ലെന്ന് ചന്ദ്രിക പത്രാധിപരായിരുന്ന വി.സി അബൂബക്കർസാഹിബ് ആവർത്തിച്ചു പറയാറുണ്ട്. വി.സിയുടെ പത്രപ്രവർത്തനരംഗത്തേക്കുള്ള ആദ്യത്തെ കാൽവെപ്പ് അൽ അമീനിലൂടെയായിരുന്നു. "സാമൂഹ്യവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ ജനങ്ങളെ ഉണർത്തുവാനും മാപ്പിളമാരെ രാഷ്ട്രീയമായി ഉൽബുദ്ധരാക്കുവാനും അൽ അമീൻ നടത്തിയിരുന്ന യത്നങ്ങൾ പ്രശംസയർഹിക്കുന്നു"(വി.സി അബൂബക്കർ, കണ്ണൂർ ജില്ലാ മുസ്‌ലിംലീഗ് സോവനീർ. 1958)

അൽ അമീനും കെ. അബൂബക്കറുടെ പത്രാധിപത്യത്തിലുള്ള 'ജനശക്തി' ദിനപത്രവും 'മാപ്പിളറിവ്യൂ' മാസികയുമൊക്കെ മുടങ്ങിപ്പോയിട്ടും ഒരു വലിയ വടവൃക്ഷമായി ചന്ദ്രിക വളരുകയായിരുന്നു.

നിരവധി എഴുത്തുകാർക്ക് ആ വൃക്ഷം തണലേകി. ചന്ദ്രിക കൈപ്പിടിച്ചുയർത്തിയ എഴുത്തുകാർ നിരവധിയായിരുന്നു. തലശ്ശേരി സാഹിത്യപരിഷത്ത് സമ്മേളനത്തിൽ അധ്യക്ഷവേദി അലങ്കരിച്ച, സാഹിത്യതൽപരനായ മുസ്‌ലിംലീഗ് നേതാവ് സ്ഥാപിച്ച ചന്ദ്രിക, വിദ്യാഭ്യാസദീപം കൈകളിലേന്തി പ്രകാശം വിതറി. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ ചീറിയടിച്ച് കൊടുങ്കാറ്റായി. തൂലികത്തുമ്പിൽ അഗ്നി നാമ്പുകൾ സൂക്ഷിച്ച എഴുത്തുകാരുടെ കളരിയായി.

സാഹിത്യകാരന്മാരുമായി വല്ലാത്ത ഒരാത്മബന്ധം ആദ്യം മുതലേ ചന്ദ്രികക്കുണ്ടായിരുന്നു. പ്രതിവാരപത്രമായിരുന്ന കാലം മുതൽ ഇസ്‌ലാമികവ്യക്തിത്വം മുറുകെ പിടിച്ചുകൊണ്ടു തന്നെ മതേതരത്വത്തിന്റെയും മതസഹിഷ്ണുതയുടെയും പ്രതീകമായി ചന്ദ്രിക മുന്നേറി.

ചന്ദ്രികക്ക് തൊട്ടുമുമ്പ് തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ച 'യുവജനമിത്രം' മതസാഹിത്യരംഗത്ത് ഒരു വഴികാട്ടിയായി. അതിനും ഒരു പതിറ്റാണ്ട് മുമ്പ് (1925)കോഴിക്കോട്ട് നിന്ന് പുറപ്പെട്ട 'ഹിദായത്ത് മുസ്‌ലിം' മതസമുദായ സംഗതികളെ വിശദമായി വിവരിക്കുന്ന ഒരു മാസികയെന്ന നിലക്ക് നല്ല പ്രചാരം സിദ്ധിച്ചിരുന്നു. വിദ്യാഭ്യാസലേഖനങ്ങളും സാഹിത്യപംക്തിയും പ്രസാധകക്കുറിപ്പും പുസ്തകാഭിപ്രായങ്ങളുമൊക്കെ ഉണ്ടായിരുന്നെങ്കിലും ചന്ദ്രിക പോലെ അത് ലക്ഷണമൊത്തില്ല. പിന്നീട് കോഴിക്കോട് നിന്ന് വന്ന 'യുവലോകം' എല്ലാ ഇംഗ്ലീഷ് മാസവും ഒന്നും പതിനാറും തിയ്യതികളിൽ കൃത്യമായി ഇറങ്ങിയെങ്കിലും പിടിച്ചുനിൽക്കാനായില്ല. എന്നാൽ എല്ലാ ഗുണങ്ങളും അവകാശപ്പെടാവുന്ന രീതിയിൽ തലശ്ശേരിയിൽ നിന്നും ചന്ദ്രിക പുറത്തിറങ്ങിയപ്പോൾ ഉത്തരകേരളീയരുടെ ഉത്തമ പ്രസിദ്ധീകരണമായി അത് മാറി. മഞ്ചേരിയിലെയും പൊന്നാനിയിലെയും തിരൂരിലെയും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ചന്ദ്രികയിൽ തൂലിക ചലിപ്പിച്ചു. ശാസ്ത്രത്തിന്റെ കൃത്യതയും കലയുടെ ആകർഷകതയും കഥയുടെ സൗഗമ്യവും, ചരിത്രത്തിന്റെ വിശ്വാസയോഗ്യതയും കൊണ്ട് പരിലംബിച്ച പത്രം വിശേഷപ്പതിപ്പുകളിലൂടെയും വിരുന്നൂട്ടി.

1950-ൽ ആഴ്ചപ്പതിപ്പ് പുറത്തിറങ്ങുന്നതിന് മുമ്പ് ആഴ്ചപ്പതിപ്പിന്റെ വലുപ്പത്തിൽ സ്വാതന്ത്ര്യദിനപ്പതിപ്പും റംസാൻ സ്പെഷ്യലും നിബിദിന വിശേഷാൽ പ്രതിയും റിപ്പബ്ലിക്ക് സപ്ലിമെന്റും പുറത്തിറങ്ങി. മഹാകവി വള്ളത്തോളും ജി.ശങ്കരക്കുറുപ്പും ടി.ജി നെടുങ്ങാടിയും പി.വി മുഹമ്മദ് മൗലവിയും അബൂബക്കർ മുൻഷി ഫാസിലും എസ്.എം സർവ്വറും ഒതയോത്ത് ബാലകൃഷ്ണനും, എം.സി അപ്പുണ്ണി നമ്പ്യാരും, ഒ. അബുവുമൊക്കെ അണിനിരക്കുന്ന ഇത്തരം പതിപ്പുകൾ പഴയ തലമുറക്ക് മധുരമിഠായിയായിരുന്നു. ആഴ്ചപ്പതിപ്പിന്റെ രംഗപ്രവേശം ഒരു പൂർണ്ണചന്ദ്രന്റെ പ്രകാശവും പരത്തി. ആഴ്ചപ്പതിപ്പിന് ഒരു കച്ചവടക്കമ്പനിയുടേയോ രാഷ്ട്രീയപാർട്ടിയുടേയോ സ്വഭാവമല്ല ഉണ്ടായിരുന്നത്. അതൊരു പ്രസ്ഥാനമായിരുന്നു. ലക്ഷ്യബോധത്തോടെ വ്യക്തിത്വവും കഴിവുമുള്ള കുറേപേർ കുടുംബാംഗങ്ങളെന്ന പോലെ അതിൽ അണിനിരന്നു. ചന്ദ്രിക ആഴ്ചപ്പതിപ്പ് പലർക്കും എഴുത്തിൽ പരിശീലനം സമ്പാദിക്കാനും സമ്പർക്കങ്ങൾ വിപുലീകരിക്കാനും വളരെയധികം പ്രയോജനപ്പെട്ടു. എഴുത്തുകാരെ കണ്ടുപിടിക്കലും പരിശീലിപ്പിക്കലുമാണ് പത്രാധിപരുടെ ചുമതലകളിൽ പ്രധാനമെന്ന് കെ.കെ മുഹമ്മദ് ഷാഫിയും കെ.വി അബ്ദുറഹ്മാനും വി.സി അബൂബക്കറും സി.എച്ച് മുഹമ്മദ് കോയയും വിശ്വസിച്ചു. ഈ കാര്യത്തിൽ ഉഗ്രൻ വിജയമാണ് ചന്ദ്രിക നേടിയത്.

പത്രപ്രവർത്തന ചരിത്രത്തിലെ മുസ്‌ലിം പങ്കാളിത്തത്തെക്കുറിച്ച് പരിശോധിക്കുമ്പോഴൊക്കെ കലാ-സാഹിത്യ-സാംസ്കാരിക-വിദ്യാഭ്യാസ-മത-രാഷ്ട്രീയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്തഭാവങ്ങളുള്ള ഒരേ ഒരു പ്രസിദ്ധീകരണം ചന്ദ്രിക മാത്രമായിരുന്നു. 1920 മുതൽ 1950 വരെയുള്ള കണക്കുകൾ മാത്രം എടുത്താൽ അത്യപൂർവ്വമായ സ്ഥാനം ചന്ദ്രികക്ക് മാത്രമുള്ളതായിത്തീരുന്നു. മുസ്‌ലിം ഐക്യവും, മുസ്‌ലിം മഹിളയും, മുസ്‌ലിം മിത്രവും, യുവലോകവും, യുവമുസ്‌ലിമും, ഷംസുൽ ഇസ്‌ലാമും, ഹിലാലും, മുജാഹിദും, നവോദയവും, വനിതയും(ഹലീമാ ബീവി), തിരുവല്ല ഇശാഅത്തും മാപ്പിള റിവ്യൂവും മിത്രവും മുനീറുൽ ഇസ്‌ലാമും അടക്കം വൈജ്ഞാനിക രംഗത്ത് പ്രകാശം പരത്തിയ അനേകം പ്രസിദ്ധീകരണങ്ങൾ നിലച്ചുപോയി. പരിശുദ്ധിയുടെ പരിമളം വിതറി പ്രകാശത്തിന്റെ പ്രഭാഗോപുരമായി ഉയർന്നുനിന്ന് ചന്ദ്രിക ആഴ്ചപ്പതിപ്പ് സമൂഹചരിത്രത്തിൽ കക്ഷി-ജാതി-മത ചിന്തകളുടെ അതിർവരമ്പുകൾക്കതീതമായി പരിലസിച്ചു. സാഹിത്യശാഖക്ക് ചന്ദ്രിക നൽകിയ സംഭാവനകളും ചരിത്രത്തിനും സാമൂഹ്യശാസ്ത്രത്തിനും വിജ്ഞാനത്തിനും നൽകിയ പ്രാധാന്യവും ജ്വലിക്കുന്ന സ്മരണയാണ്.

അയത്ന ലളിതമായ ഭാഷാസിദ്ധി കൊണ്ട് അനുഗ്രഹീതരായവരും ചാട്ടുളി പോലെ മൂർച്ചയേറിയ ശൈലിക്കാരും പട്ടുപോലെ മിനുത്ത അവതരണക്കാരും ഒത്തുചേർന്ന ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ താളുകളിലൂടെ ഓട്ടപ്രദക്ഷിണം നടത്തുമ്പോൾ ആരും അത്ഭുതപരതന്ത്രരാവും. കാലഘട്ടത്തിന്റെ അധ്യാപകനായി നിലകൊള്ളുക ചരിത്രധർമ്മമാണ് ചന്ദ്രിക വാരിക നിർവ്വഹിച്ചത്. ആനുകാലി പ്രസിദ്ധീകരണ ശേഖരത്തിൽ തുല്യതയില്ലാത്ത അമൂല്യ സാഹിത്യോപഹാരമായി അത് ചരിത്രത്തിൽ ഇടം തേടുകയായിരുന്നു.ബഷീറിന്റെ 'മുച്ചീട്ടുകളിക്കാരന്റെ മകൾ' ഹാസ്യ കഥാസാഹിത്യത്തിന് അഭിമാനമാണെന്ന രവിയുടെ കണ്ടെത്തൽ ചന്ദ്രികയിലൂടെയായിരുന്നു. ബി.എക്കാരനായപ്പോൾ എം.ജി.എസ് നാരായണന്റെ കവിത 'ജീവിക്കുന്ന രക്തസാക്ഷികൾ' അച്ചടിച്ചു വന്നതും ചന്ദ്രികയിലായിരുന്നു. അതേ ലക്കത്തിൽ തന്നെയായിരുന്നു ടാറ്റാപുരത്തിന്റെ കഥയും കെ.എം ശേഖരന്റെ കവിതുയും എം.വി ദേവന്റെ റേഡിയോ നാടകവും സി.എച്ചിന്റെ ഇന്ത്യാചരിത്രവും പ്രസിദ്ധീകരിച്ചത്. ടി. പത്മനാഭന്റെ 'മലയാളി സർവ്വന്റ്' എന്ന കഥ വായനക്കാരെ ഹഠാദാകർഷിച്ചു.

എൺപതുകളുടെ ആദ്യത്തിലെ കഥകൾ പറഞ്ഞാൽ തീരില്ല. ടി. പത്മനാഭന്റെ 'ഫിലോസഫർ' വായിച്ചു തുടങ്ങിയാൽ അവസാനിക്കും വരെ വായനക്കാരൻ ഒറ്റ ഇരിപ്പായിരിക്കും. ഒരു തീവണ്ടി യാത്ര പോലെ ഇത്രമാത്രം മടുപ്പിക്കുന്ന വേറെ വല്ലതുമുണ്ടോ എന്ന സംശയത്തോടെയാണ് കഥ തുടങ്ങുന്നത്. പത്മനാഭന്റെ മറ്റൊരു കഥയാണ് 'ജീവിതത്തിലെ ഒരേട്'. ബഷീറിന്റെ 'ന്റുപ്പൂപ്പാക്ക് ഒരാനേണ്ടാർന്നു' എന്ന കഥയുടെയും എം.ഗോവിന്ദന്റെ അന്വേഷണത്തിന്റെ ആരംഭത്തിന്റെയും പാലാ നാരായണൻ നായരുടെ 'മനുഷ്യർ' എന്ന കൃതിയുടെയും കാരൂർ നീലകണ്ഠപ്പിള്ളയുടെ 'തേക്കുപാറ്റിന്റെയും' നിരൂപണങ്ങൾ വെളിച്ചം കണ്ടതും ചന്ദ്രികയിലാണ്. അക്കാലത്ത് ചന്ദ്രിക വാരിക മലയാള ഭാഷാസാഹിത്യത്തിന് ഒരലങ്കാരമായിരുന്നു. സഞ്ജയനെക്കുറിച്ച് ഇ.വേലായുധന്റെ കവിതയും ടി.കെ.സി വടുതലയുടെ ചെറുകഥയും പ്രസിദ്ധീകരിച്ച ആഴ്ചപ്പതിപ്പ്, സ്പോർട്സ് ഗ്യാലപ്പ് പോൾ തുടങ്ങിയത് ഒരത്ഭുതമായിരുന്നു. ആന്റൺ ചെക്കോവിന്റെ 'ട്യൂട്ടർ' ഭാഷാന്തരം ചെയ്തു യു.എ ബീരാൻ സാഹിബ് ചന്ദ്രികയിൽ പ്രസിദ്ധീകരിച്ചപ്പോൾ കഥാവിവർത്തനം സ്ഥിരമായി വേണമെന്നായി വായനക്കാർ.

എൺപതുകളിലെ സ്വാതന്ത്ര്യദിനപ്പതിപ്പുകൾക്ക് ഏറെ പ്രത്യേകതകളുണ്ടായിരുന്നു. വി.എസ് കേരളീയൻ, പി.എം സെയ്തുമുഹമ്മദ്, യു.എ ബീരാൻ, കെ.ഹംസത്ത്, എസ്.എം സർവ്വർ, എ.പോൾ, എ.പി.ഐ സാദിഖ്, എൻ.ഗോവിന്ദൻകുട്ടി, ഇ.പി സുമിത്രൻ, തെരുവത്ത് രാമൻ, ടി.എം പുരുഷോത്തമൻ, പി.കെ ശരത്കുമാർ, സിനിക്ക്, വിനയൻ, അബ്ദുൽ ഖാദർ ഖാരി, തുടങ്ങിയവർ അണിനിരന്നു. പിന്നീട് വന്ന പതിപ്പുകളിൽ എസ്.കെ പൊറ്റക്കാട്, പി.സി കുട്ടികൃഷ്ണൻ, എ.പി.പി നമ്പൂതിരി, പ്രൊഫസർ സയ്യിദ് മുഹ്‌യുദ്ധീൻ ഷാ, വി.ആർ കൃഷ്ണയ്യർ, തിക്കോടിയൻ, കെ.എ കൊടുങ്ങല്ലൂർ, മുഷ്ത്താഖ്, സി.എച്ച്, ഇ.വാസു, സി.നാരായണൻ, ഒ. അബു, പ്രൊഫ.ജി.സുകുമാരൻ നായർ, ഒറ്റമാളിക എസ്. മഹീൻ, സി.കൃഷ്ണൻ നായർ, ഡോ.സി.കെ കരീം, കടവനാട്ട് കുട്ടികൃഷ്ണൻ, എ.എൻ.പി ഉമ്മർകുട്ടി, എൻ.വി കൃഷ്ണവാരിയർ തുടങ്ങിയവർ സ്ഥിരം എഴുത്തുകാരായി.

മാപ്പിളസാഹിത്യത്തെ പൊതുസാഹിത്യത്തിലേക്ക് ജാഗ്രതയോടെ ശ്രദ്ധിപ്പിക്കാൻ ഇടവരുത്തിയത് ചന്ദ്രിക ആഴ്ചപ്പതിപ്പാണ്. എഴുത്തുകാരുടെ അന്നത്തെ നിരയെ ആഹ്ലാദപൂർവ്വം വായനക്കാർ സ്വീകരിച്ചു.

മതസാഹിത്യം ഘോരതമസ്സിൽ കഴിഞ്ഞുകൂടാൻ പാടില്ലെന്ന വാശിയോടെയാണ് മുസ്‌ലിം എഴുത്തുകാർ തൂലിക ചലിപ്പിച്ചത്. കെ.എം മൗലവിയും, ഇ.കെ മൗലവിയും പ്രൊഫ.കെ.വി അബ്ദുറഹ്മാനും, കെ.കെ മുഹമ്മദ് അബ്ദുൽ കരീമും, കെ.കെ മുഹമ്മദ് മദനിയും, യു.ജമാൽ മുഹമ്മദും, പ്രൊഫ.വി.മുഹമ്മദും, അഡ്വ.എ.വി മുഹമ്മദും, കരുവള്ളി മുഹമ്മദ് മൗലവിയും, പി. മുഹമ്മദ് കുട്ടശ്ശേരിയും, പ്രൊഫ. എ. ശുക്കൂറും, എൻ.എ.എം പെരിങ്ങത്തൂരും, ഡോ. മുഹ്‌യുദ്ധീൻ ആലുവയും വായനക്കാർക്ക് അറിവും ഉണർവ്വും പകർന്നുനൽകി.

വൈവാഹിക-കുടുംബജീവിതത്തിന് വ്യക്തവും ദൃഢവും സുന്ദരവുമായ ചിട്ടവട്ടങ്ങളുണ്ടാക്കിയ മതത്തെ പരിചയപ്പെടുത്തിവരുടെ നീണ്ട പട്ടികയുണ്ട്. പി.മുഹമ്മദ് മൈതീൻ വക്കം, സി.സി.എം സ്വാലിഹ്, അഡ്വ.വി.ഖാലിദ്, ഡോ.ടി.ഖാലിദ്, അബൂബക്കർ നദ്‌വി, ഡോ.മൊയ്തീൻ കുട്ടി, പയ്യമ്പള്ളി ഉമർകുട്ടി, മുഹമ്മദ് അബ്ദുൽ ബാഖി, ഒ.കെ മുഹമ്മദ് മൗലവി, ഫലഖി മുഹമ്മദ് മൗലവി, ടി.കെ മാട്ടൂൽ, എ.മമ്മു, വി മുഹമ്മദ് മൗലവി, വി.കെ അബു, എം.വി ഖാദർ എന്നിങ്ങനെ ഈ പട്ടിക നീളുന്നു.

കഥാകൃത്തുകൾ ചന്ദ്രികയോട് ഏറെ കടപ്പെട്ടവരാണ്. ആദ്യത്തെ പ്രതിഫലം പലർക്കും ലഭിച്ചത് ചന്ദ്രികയിൽ നിന്നാണ്. എം.ടിയും പുനത്തിലുമൊക്കെ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. യു.എ ഖാദറിന്റെ വളർച്ചയുടെ ചവിട്ടുപടിയായിരുന്നു ചന്ദ്രിക. 'കണ്ണുനീർ കലർന്ന പുഞ്ചിരി' എന്ന കഥ 1952-ലാണ് ആദ്യമായി ചന്ദ്രിക പ്രസിദ്ധീകരിക്കുന്നത്. ഖാദറിന്റെ സാഹിത്യപരിശ്രമങ്ങളുടെ കടിഞ്ഞൂൽ കനി വെളിച്ചം കണ്ടത് ചന്ദ്രികയിലാണെന്നതിന് പുറമെ ചന്ദ്രിക ആദ്യമായി പ്രസിദ്ധീകരിച്ച ചരിത്രനോവലും ഖാദറിന്റേതായിരുന്നു.(റസിയാ സുൽത്താന).ഖാദറിന്റെ കഥയായ 'പാമ്പൂച്ചിക്കുഞ്ഞിന്റെ കല്യാണം' ചന്ദ്രിക ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച് പത്തു വർഷത്തിന് ശേഷമാണ് റസിയാ സുൽത്താന വരുന്നത്.

ചന്ദ്രികക്ക് ഒരിക്കലും മറക്കാനാവാത്ത കഥാകൃത്താണ് അന്തരിച്ച ഹബീബ് വലപ്പാട്. നൂറുകണക്കിന് കഥകളാണ് ഹബീബ് ചന്ദ്രികക്ക് നൽകിയത്. എൻ.ഇ.ഐ. അഹമ്മദും കെ.പി.എം ആലിആലുവായിയും യു.എ ബീരാനും ടി.ജി നെടുങ്ങാടിയും എം.വി ദേവനുമെല്ലാം കനപ്പെട്ട സംഭാവനകളായിരുന്നു നൽകിയത്.

കാലത്തെ കൗതുകകരമായി നോക്കിക്കണ്ട കവിതകളൊക്കെ ചന്ദ്രിക ആഴ്ചപ്പതിപ്പിനെ കാവ്യസമാഹാരമാക്കിയവയാണ്. ജി.യുടെയും വള്ളത്തോളിന്റെയും കവതികൾ വിശേഷാൽ പ്രതികളിലായിരുന്നെങ്കിൽ മറ്റനേകം പ്രശസ്ത കവികൾ സാധാരണലക്കങ്ങളിലാണ് അണി നിരന്നത്.

അക്കിത്തവും കുഞ്ഞുണ്ണിമാഷും കെ.വി രാമകൃഷ്ണനും പാവുണ്ണി തൈക്കാടും കെ.എൻ കടമാളൂരും, കേശവൻ നായരും, മലയത്ത് അപ്പുണ്ണിയും, കാസിം വാടാനപ്പള്ളിയും, സി.കൃഷ്ണൻ നായരും, രാമപുരം മുരളിയും, പി.പി ശ്രീധരനും നടുവട്ടം രവീന്ദ്രനും, എസ്.വി ഉസ്മാനും, പൂവച്ചാൽ ഖാദറും, ഹംസ കേച്ചേരിയും സുകുമാർ കക്കാടും രാവണപ്രഭുവും പി.ടി അബ്ദുറഹ്മാനും എൻ.എൻ കക്കാടും കുഞ്ഞപ്പ പട്ടാന്നൂരും കെ.പ്യാരും ചെറിയമുണ്ടം അബ്ദുൽ റസാഖും ചന്ദ്രികയിലെഴുതിയതെന്തിനും മാധുര്യസ്വർഗം കൊണ്ടുള്ള ഹൃദയംഗമത്വം ഉളവാക്കാൻ കഴിഞ്ഞിരുന്നു.

ആർട്ടിസ്റ്റുകളുടെ ഒരു ലോകം തന്നെ ചന്ദ്രിക വാരിക സൃഷ്ടിച്ചു. ഒട്ടനേകം കാർട്ടൂണിസ്റ്റുകളെയും ചന്ദ്രിക വളർത്തി.

തലശ്ശേരിക്കാരനായ അത്തോളി ഉസ്മാൻ എന്ന കലാകാരന്റെ കൈവിരുത് ചന്ദ്രികയുടെ താളുകൾ സമ്പന്നമാക്കി. വാസുപ്രദീപ് ചന്ദ്രികക്ക് നൽകിയ ചിത്രങ്ങളുടെ വൈവിധ്യം അത്ഭുതമുളവാക്കുന്നതായിരുന്നു. എ.എം കോയയുടെ വരയുടെ നൈർമല്യം ചന്ദ്രികയിലൂടെ വെളിവായി. ഐ.വി ശശിയുടെയും ബി.എം ഗഫൂറിന്റെയും നമ്പൂതിരിയുടെയും അപൂർവ്വ രേഖാചിത്രങ്ങൾ ചന്ദ്രികക്ക് മുതൽക്കൂട്ടായി.

കാർട്ടൂൺ രംഗത്ത് നാലു പതിറ്റാണ്ട് പ്രതിഭാപ്രസരം നിർവ്വഹിക്കാൻ ചന്ദ്രികക്ക് സാധിച്ചു. ആഴമേറിയ ഫലിതബോധത്തോടെ ഇവരിൽ വരച്ചവർ നിരവധിയാണ്. കാർട്ടൂണിസ്റ്റ് ശിവറാമിന്റെ കളരിയായിരുന്നു ചന്ദ്രിക. ഗഫൂറും രവിയും സോമനാഥും സത്യചന്ദ്രനും ടി.രാഘവനും മജീദ് നന്മണ്ടയും സഗീറുമടക്കം എടുത്തു പറയാൻ പേരുകളേറെ. ഇന്നത്തെ പ്രമുഖ കാർട്ടൂണിസ്റ്റുകളുടെ ആദ്യകളരി ചന്ദ്രികയായിരുന്നു. കാലത്തിന്റെ ചിന്തിപ്പിക്കുന്ന തമാശകളുമായി ചന്ദ്രികയുടെ കോളങ്ങളിൽ നിറഞ്ഞുനിന്ന കലാകാരന്മാർക്ക് ആത്മാർത്ഥമായ പ്രോത്സാഹനമാണ് നടത്തിപ്പുകാർ നൽകിയത്.

അശ്ലീലലഹരിയിൽ വീണുപോയ കോടമ്പാക്കം വരക്കാർ ഹാസ്യപ്രസിദ്ധീകരണങ്ങൾ നടത്തിയിരുന്ന കാലത്തും സഭ്യതയുടെ ബാലൻസ് നിലനിർത്തി വേറിട്ട വരകൾ ചന്ദ്രിക കാഴ്ചവെച്ചു. എം. മുകുന്ദനടക്കം പലർക്കും അക്കാദമി അവാർഡുകൾ നേടിക്കൊടുത്തത് ചന്ദ്രികയാണ്. ഭാഷയെ ഉപേക്ഷിച്ചവരെന്നും വരയെ വെറുത്തവരെന്നും അക്ഷരവൈരികളെന്നും ആക്ഷേപിക്കപ്പെട്ട സമുദായത്തിന്റെ ജിഹ്വയാണ് കലാരംഗത്ത് പുതിയ പാത വെട്ടിത്തെളിയിച്ചത്.

മലയാളത്തിലെ വലിയ കഥാകാരന്മാരുടെ കൂട്ടത്തിൽ പെട്ട വൈക്കം മുഹമ്മദ് ബഷീറും എൻ.പി മുഹമ്മദും, എം.മുകുന്ദനും പി.എ മുഹമ്മദ് കോയയും ടി.പത്മനാഭനും യു.എ ഖാദറും പുനത്തിൽ കുഞ്ഞബ്ദുല്ലയും കേശവദേവും തകഴിയും ഉറൂബും വർക്കിയും വെട്ടൂരും സാർവ്വലൗകികവും സാർവ്വകാലികവുമായ വിഷയങ്ങൾക്ക് പ്രാധാന്യം നൽകി സൂക്ഷ്മമായ ആവിഷ്കാരം നടത്തിയത് ചന്ദ്രികയിലൂടെയാണ്. സാമൂഹ്യജീവിതത്തിൽ ഒരു പുതുയുഗം പിറന്നുകാണാൻ ആഗ്രഹിച്ചവർക്കൊക്കെ ചന്ദ്രിക വേദിയൊരുക്കി. അൻപതുകളിലും അറുപതുകളിലും പഴയവരും പുതിയവരുമായ ഒരു സംഘം കഥാകൃത്തുക്കൾ ചന്ദ്രികയിൽ അണിനിരന്നപ്പോൾ ആഴ്ചപ്പതിപ്പ് കേരളത്തിലെ മുസ്‌ലിംകൾക്ക് മാത്രമല്ല മറ്റെല്ലാ മതവിഭാഗങ്ങൾക്കും ഇഷ്ടവാരികയായി. മമ്പാലയിലെ നായാട്ടുമായി മേനോനെ ഇറക്കിയ സൈന്തവൻ (എസ്.വി സൈനുദ്ധീൻ)ഹാസ്യസാഹിത്യത്തിൽ മുടിചൂടാമന്നനായി വിലസി. അതേ കാലത്തു തന്നെയാണ് മിയാനും ചന്ദ്രികയിൽ നിന്നിറങ്ങുന്നത്. (എലത്തൂർ സ്വദേശിയായ ഉസ്മാൻ കോയയാണ് മിയാൻ എന്ന തൂലികാനാമത്തിൽ ചന്ദ്രികയിലെ ഹാസ്യപംക്തി കൈകാര്യം ചെയ്തത്).

സൈന്തവന്റെയും മിയാന്റെയും കാലഘട്ടത്തിൽ നർമ്മസദ്യയുമായി തിക്കോടിയനും കോഴിക്കോടനും അതിനു പിന്നാലെ വേളൂർ കൃഷ്ണൻകുട്ടിയും പ്രത്യക്ഷപ്പെട്ടു. വികടനും സരസനുമായി വി.സി അബൂബക്കറും നർമ്മത്തിന്റെ സുഗന്ധം പുരണ്ട അക്ഷരങ്ങളുമായി സി.എച്ചും ചിരിയുടെ മാലപ്പടക്കത്തിന് തിരി കൊളുത്തി. അചുംബിതമായി കിടന്നിരുന്ന മുസ്‌ലിം മിത്തോളജിയുടെ കാവ്യാത്മകമായ ആലേഖനങ്ങളെ സാഹിത്യസൃഷ്ടികളാക്കി മാറ്റിയത് ചന്ദ്രികയാണെന്ന് പ്രതിയോഗികൾ പോലും തലകുലുക്കി സമ്മതിച്ചു.

മലയാളത്തിന്റെ നിറവും മണവും ദീപ്തിയും മാധുര്യവും വെളിവാക്കുന്ന മാലപ്പാട്ടുകളുടെ കാവ്യസൗന്ദര്യം വിലയിരുത്തപ്പെട്ടത് ചന്ദ്രിക വാരികയിലൂടെയാണ്. 'ഹുസ്നുൽ ജമാൽ' എന്ന മഹാകാവ്യം കേരളമുസ്‌ലിംകൾക്ക് പരിചയപ്പെടുത്തിക്കൊടുത്തതും ചന്ദ്രികയാണ്. എൻ.പി മുഹമ്മദിന്റെ ആവിഷ്കാരരീതിയുടെ മികച്ച ഉദാഹരണം കാണണമെങ്കിൽ ചന്ദ്രിക തന്നെ വായിക്കണമായിരുന്നു. കെ.എ കൊടുങ്ങല്ലൂരിന്റെയും എസ്.കെ പൊറ്റക്കാടിന്റെയും കെ.ടി മുഹമ്മദിന്റെയും മാസ്റ്റർപീസുകൾ എഴുതിയതൊക്കെയും ചന്ദ്രിക പ്രസിദ്ധീകരണങ്ങളിലായിരുന്നു.

വിശുദ്ധ ഖുർആനെ ദീർഘമായി പരാമർശിക്കുന്ന അനേകം ലേഖനങ്ങളും പ്രവാചകപുംഗവന്റെ അപദാനങ്ങളെ എണ്ണിയെണ്ണിപ്പറയുന്ന ഉപന്യാസങ്ങളും പ്രസിദ്ധീകരിച്ച ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ ആയിരം കാതം അകലെ നിൽക്കാനേ മതപ്രസിദ്ധീകരണങ്ങൾക്ക് സാധിക്കുകയുള്ളൂ. മലയാളം ഇതുവരെ കണ്ടിട്ടുള്ള കഴിവുള്ള എഴുത്തുകാരെ ഒന്നിച്ചണിനിരത്തിയ ചന്ദ്രിക കേരളത്തിലെ സാംസ്കാരികജീവിതത്തിന്റെ ഹൃദയം തന്നെയെന്ന് നിസ്സംശയം പറയാം. ■

1934ൽ പ്രതിവാര പത്രമായി ചന്ദ്രിക തലശ്ശേരിയിലാരംഭിച്ചു

1950 ജൂലൈ 15ന് ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ പ്രഥമ ലക്കം പുറത്തിറങ്ങി

അൽഅമീനും കെ. അബൂബക്കറുടെ പത്രാധിപത്യത്തിലുള്ള ജനശക്തി ദിനപത്രവും മാപ്പിള റിവ്യൂ മാസികയുമൊക്കെ മുടങ്ങിയപ്പോഴും ഒരു വലിയ വടവൃക്ഷമായി ചന്ദ്രിക വളർന്നു

1974ൽ ചന്ദ്രിക ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച *ഈലോകം അതിലൊരു മനുഷ്യൻ* എന്ന നോവലാണ് സാഹിത്യ അക്കാദമി ചെയർമാൻ എം. മുകുന്ദന് ഏറ്റവും മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്തത്

കാലം കൗതുകകരമായി നോക്കിക്കൊണ്ട എല്ലാ കവിതകളും ചന്ദ്രിക പ്രസിദ്ധീകരണങ്ങളിലായിരുന്നു പ്രത്യക്ഷപ്പെട്ടിരുന്നത്. ജിയുടെയും വള്ളത്തോളിന്റെയും കവിതകൾ വരെ അക്കൂട്ടത്തിൽപെടും

മാപ്പിള സാഹിത്യത്തെ പൊതു സാഹിത്യത്തിലേക്ക് ജാഗ്രതയോടെ ശ്രദ്ധിപ്പിക്കാൻ ഇടവരുത്തിയത് ചന്ദ്രികയാണ്

എം.ടി വാസുദേവൻ നായർ, യു.എ ഖാദർ, എം. മുകുന്ദൻ, കുഞ്ഞുണ്ണി മാഷ് തുടങ്ങി ഒട്ടനേകം എഴുത്തുകാരുടെ ആദ്യകാല രചനകൾ വെളിച്ചം കണ്ടതും ആദ്യ പ്രതിഫലം ലഭിച്ചതും ചന്ദ്രികയിലൂടെയാണ്

വൈക്കം മുഹമ്മദ് ബഷീറിന്റെ *ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു*, ടി. പത്മനാഭന്റെ *ഫിലോസഫർ*, പാലാ നാരായണൻ നായരുടെ *മനുഷ്യർ*, കാരൂർ നീലകണ്ഠ പിള്ളയുടെ *തോക്കുപാറ്റ്* എന്നിവ വെളിച്ചം കണ്ടത് ചന്ദ്രികയിലായിരുന്നു

കാർട്ടൂണിസ്റ്റ് ശിവറാം, ഗഫൂർ, രവി, സോമനാഥൻ, സത്യചന്ദ്രൻ, ടി. രാഘവൻ, മജീദ് നെന്മണ്ട, സഗീർ എന്നിവർ അഭ്യസിച്ചു തുടങ്ങിയത് ചന്ദ്രികയിലൂടെയാണ്

മതേതരത്വത്തിനും ജനാധിപത്യത്തിനും വേണ്ടി നിലകൊള്ളുകയും മർദ്ദിതരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ജനലക്ഷങ്ങളെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്നതിൽ ചന്ദ്രികയുടെ സംഭാവന വിലപ്പെട്ടതാണ്